"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

ഗവൺമെന്റ് സെക്രട്ടേറിയറ്റ് - നിയമവകുപ്പ് -ആലപ്പുഴ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലെ ബെഞ്ച് ക്ലർക്ക് ഗ്രേഡ് II ശ്രീ ജയേഷ് കുമാർ പി. യുടെ വൈക്കം താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റി സെക്രട്ടറി തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നിയമ (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.15/2024/LAW തീയതി,തിരുവനന്തപുരം, 05-01-2024

---

പരാമർശം:-
1. സ.ഉ.(അ) നം 516/2013/ധന തീയതി 11/10/2013.
2. സ.ഉ.(അ) നം 580/2013/ധന തീയതി 28/11/2013.
3. സ.ഉ.(സാധാ) നം.1023/2022/LAW തീയതി 15-09-2022
4. കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 13/11/2023-ലെ 4759/D/23/കെൽസ,നമ്പർ കത്ത്.

### ഉത്തരവ്

ആലപ്പുഴ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലെ ബെഞ്ച് ക്ലർക്ക് ഗ്രേഡ് II ശ്രീ. ജയേഷ് കുമാർ പി. വൈക്കം താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റിയിൽ പരാമർശം (3) പ്രകാരം സെക്രട്ടറി തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്ത് വരികയാണ്.

ശ്രീ. ജയേഷ് കുമാർ പി. യുടെ മേൽതസ്തികയിലെ അന്യത്രസേവനം 30.11.2023 തീയതിയിൽ അവസാനിക്കുകയാണെന്നും ടിയാന്റെ അന്യത്രസേവനം 01.12.2023 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി (രണ്ടാം വർഷം) ദീർഘിപ്പിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (4) പ്രകാരം കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി മെമ്പർ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1),(2) സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി ആലപ്പുഴ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലെ ബെഞ്ച് ക്ലർക്ക് ഗ്രേഡ് II, ശ്രീ ജയേഷ് കുമാർ പി. യുടെ വൈക്കം താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റി സെക്രട്ടറി തസ്തികയിലെ അന്യത്രസേവനം കേരള സർവ്വീസ് ചട്ടങ്ങളുടെ ഭാഗം 1 ചട്ടം 140 (സി) യിലെ വ്യവസ്ഥകൾ പാലിക്കണമെന്ന നിബന്ധനയോട് കൂടി പൊതുവായ നിബന്ധനകൾക്കും ഉപാധികൾക്കും അനുസൃതമായി 01.12.2023 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി (രണ്ടാം വർഷം) ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ആർ സുരേഷ് ബാബു

അഡിഷണൽ നിയമ സെക്രട്ടറി

പകർപ്പ്

1. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി, നിയമസഹായ ഭവൻ, ഹൈക്കോടതി കാമ്പസ്, കൊച്ചി – 682 031.

2 ശ്രീ ജയേഷ് കുമാർ പി, സെക്രട്ടറി വൈക്കം താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റി (കെൽസ സെക്രട്ടറി മുഖേന)

3. അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.

4. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

5. ബഹു.നിയമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

6. ജില്ലാ ട്രഷറി ഓഫീസർ,കോട്ടയം

7. നിയമ സെക്രട്ടറിയുടെ പി.എ.

8. അഡീഷണൽ നിയമ സെക്രട്ടറിയുടെ സി.എ, നിയമ (എച്ച്) വകുപ്പ്.

9. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ & പി.ആർ.ഡി.

10. സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Ranjith P R
Date: 05-01-2024 14:05:06